# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.3197 10.12.2018 -ൽ മറുപടിയ്ക്ക്

## സ്കൂളുകളിലെ പാചക തൊഴിലാളികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ

| ചോദ്യം | | — | ഉത്തരം |
|---|---|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. | | | പ്രൊഫ: സി.രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | സ്കൂളുകളിലെ പാചക തൊഴിലാളികൾ അനുഭവിക്കുന്ന ജോലി പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ സ്വീകരിക്കുന്ന നടപടികൾ ഏതെല്ലാം; | എ) | ഉണ്ട്. സ്കൂൾ പാചകതൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ , തൊഴിലാളികളുടെ എണ്ണം പുന: ക്രമീകരിക്കുക എന്ന വിഷയങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. |
| ബി) | എത്ര കുട്ടികൾക്ക് ഒരു പാചക തൊഴിലാളി എന്ന കണക്ക് ഈ മേഖലയിൽ മാനദണ്ഡമാക്കിയിട്ടുണ്ടോ; | ബി) | 500 കുട്ടികൾ വരെ ഫീഡിംഗ് സ്ട്രെങ്ത്ഉള്ള സ്കൂളുകളിൽ ഒരു പാചക തൊഴിലാളിയും 500 നുമുകളിൽ കുട്ടികളുള്ള സ്കൂളുകളിൽ പരമാവധി രണ്ട് പാചക തൊഴിലാളികളെയും നിയമിക്കാവുന്നതാണ്. |
| സി) | ഇത്തരം തൊഴിലാളികൾക്ക് പെൻഷൻ പോലുള്ള സാമൂഹ്യ സുരക്ഷ സംവിധാനമോ ക്ഷേമ നിധിയോ മറ്റുമോ ഏർപ്പെടുത്തുന്നത് സംബന്ധിച്ച എന്തെങ്കിലും നിർദ്ദേശവും വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | സി) | പാചക തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷാ സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് വിവിധ തലങ്ങളിൽ ഉയർന്ന് വന്നിട്ടുള്ള നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ച് വരുകയാണ്. |

സെക്ഷൻ ഓഫീസർ